# കേരള സർക്കാർ

## സംഗ്രഹം

പൊതുവിദ്യാഭ്യാസം- മലയാളം നിർബന്ധിത ഒന്നാം ഭാഷ- 9- ാം ക്ലാസു വരെ പ്രത്യേക ജീവിത സാഹചര്യങ്ങളാൽ മലയാളം പഠിച്ചിട്ടില്ലാത്ത വിദ്യാർത്ഥികൾക്ക് 10- ാം ക്ലാസിൽ, 2014-15 അദ്ധ്യയന വർഷം മാത്രം ഒന്നാം ഭാഷയുടെ ഭാഗം ഒന്നിൽ അഡീഷൽ ഇംഗ്ലീഷും, ഭാഗം രണ്ടിൽ സ്പെഷ്യൽ ഇംഗ്ലീഷും പരീക്ഷ എഴുതുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

.....................................................................................................................................

## പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്

**സ ഉ(സാധാ) നം. 3391/14/പൊ.വി തീയതി, തിരുവനന്തപുരം, 25.08.2014**

.....................................................................................................................................

പരാമർശം :- 1) സ.ഉ(പി) നം.183/2011/പൊ.വി തീയതി 01.09.2011.

2) സ.ഉ(പി) നം.46/2014/പൊ.വി. തീയതി 03.03.2014.

3) സ.ഉ(സാധാ) നം.1930/2014/പൊ.വി. തീയതി 19.05.2014.

4) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 19.05.2012 -ലെ സർക്കുലർ നമ്പർ എച്ച്3/28324/2011.

5) വിവിധതീയതികളിലായി സർക്കാരിൽ ലഭിച്ച നിവേദനങ്ങൾ.

## ഉത്തരവ്

സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ മലയാള ഭാഷാ പഠനം നിർബന്ധമാക്കിക്കൊണ്ട് പരാമർശം ഒന്ന് പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം 5 പ്രകാരം വിവിധ സാഹചര്യങ്ങളാൽ 7,8,9 ക്ലാസുകൾ വരെ മലയാളം പഠിച്ചിട്ടില്ലാത്ത വിദ്യാർത്ഥികളെ മലയാളം ഒന്നാം ഭാഷയായി പഠിക്കുന്നതിൽ നിന്നും ഒഴിവാക്കി, ഒന്നാം ഭാഷയുടെ ഭാഗം ഒന്നിൽ അഡീഷണൽ ഇംഗ്ലീഷും ഭാഗം രണ്ടിൽ സ്പെഷ്യൽ ഇംഗ്ലീഷും പഠിക്കുന്നതിന് 10- ാം ക്ലാസ് പൂർത്തീയാക്കുന്നതുവരെ തുടരുവാൻ പ്രത്യേകാനുമതി നൽകണമെന്ന് നിവേദകർ സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.

അപേക്ഷകരായ ഭൂരിഭാഗം പേരുടേയും കുട്ടികൾ 9 ാം ക്ലാസുവരെ ഒന്നാം ഭാഷയുടെ ഭാഗം ഒന്നിൽ അഡീഷണൽ ഇംഗ്ലീഷും ഭാഗം രണ്ടിൽ സ്പെഷ്യൽ ഇംഗ്ലീഷും പഠിച്ചവരാണ്. ഇത്തരം വിദ്യാർത്ഥികൾക്ക് മലയാള ഭാഷാപരിജ്ഞാനമില്ലാത്തതിനാൽ ഒരു വർഷത്തിനകം മലയാളത്തിന്റെ പ്രാഥമിക പാഠങ്ങൾ സ്വായത്തമാക്കി മലയാള ഭാഷ പഠിച്ച് പാസാകാൻ വളരെയേറെ ബുദ്ധിമുട്ടാകുമെന്നതിനാലും, ഈ അദ്ധ്യയന വർഷം ഇത്തരം വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകുന്ന വിഷയത്തിൽ തീരുമാനമാകാത്തതിനാലും ഇത്തരം വിദ്യാർത്ഥികളെ ഈ അദ്ധ്യയന വർഷം കൂടി മലയാളം ഒന്നാം ഭാഷയായി പരീക്ഷ എഴുതുന്നതിൽ നിന്നും ഒഴിവാക്കി ചുവടെ കാണും പ്രകാരം ഉത്തരവാകുന്നു.

1. 9 ാം ക്ലാസുവരെ (2013-14 അദ്ധ്യയന വർഷം വരെ) മലയാള ഭാഷ പഠിക്കാനാവാതെ പ്രത്യേക സാഹചര്യങ്ങളാൽ മറ്റ് രാജ്യങ്ങളിലെയോ, സംസ്ഥാനങ്ങളിലെയോ സ്കൂളുകളിൽ പഠിച്ചതിന് ശേഷം 2014-15 അദ്ധ്യയന വർഷം 10ാം ക്ലാസിൽ സംസ്ഥാനത്തെ സ്കൂളുകളിലേക്ക് സ്ഥലം മാറ്റം വാങ്ങി പ്രവേശനം നേടി പഠിക്കുന്ന വിദ്യാർത്ഥികളെ, ഒരു പ്രത്യേക കേസായി പരിഗണിച്ച് ഈ അദ്ധ്യയന വർഷത്തേക്ക് കൂടി മലയാളം പരീക്ഷ എഴുതുന്നതിൽ നിന്നും ഒഴിവാക്കുന്നു.
2. 9 ാം ക്ലാസുവരെ (2013-14 അദ്ധ്യയന വർഷം വരെ) സംസ്ഥാനത്തെ സ്കൂളുകളിൽ മലയാള ഭാഷ പഠിക്കുവാൻ ബുദ്ധിമുട്ടായതിനാൽ മലയാളത്തിന് പകരം അഡീഷണൽ ഇംഗ്ലീഷും സ്പെഷ്യൽ ഇംഗ്ലീഷും പഠിച്ച വന്നിരുന്ന മലയാളം മാതൃഭാഷയായ കുട്ടികളെ 10 ാം ക്ലാസിൽ ഈ അദ്ധ്യയന വർഷം മാത്രം മലയാള പരീക്ഷ എഴുതുന്നതിൽ നിന്നും ഒഴിവാക്കുന്നു.
3. സൂചന 3 ഉത്തരവ് പ്രകാരം 2015-16 അദ്ധ്യയന വർഷം മുതൽ അഡീഷണൽ ഇംഗ്ലീഷും, സ്പെഷ്യൽ ഇംഗ്ലീഷും പഠിക്കുന്നത് സ്കൂളുകളിൽ നിന്നും നിർത്തലാക്കുവാൻ തീരുമാനിച്ചതിനാൽ, ഒന്നാം ഭാഷയുടെ ഭാഗം ഒന്നിൽ അഡീഷണൽ ഇംഗ്ലീഷും, ഭാഗം രണ്ടിൽ സ്പെഷ്യൽ ഇംഗ്ലീഷും പഠിച്ച വന്നിരുന്ന വിദ്യാർത്ഥികൾ ഈ അദ്ധ്യയന വർഷം മലയാളത്തിന്റെ പ്രാഥമിക പാഠങ്ങൾ സ്വായത്തമാക്കി 2015-2016 അദ്ധ്യയന വർഷം മുതൽ നിർബന്ധമായും മലയാളം ഒന്നാം ഭാഷയായി പരീക്ഷ എഴുതേണ്ടതാണ്.
4. 2015-16 അദ്ധ്യയന വർഷം മുതൽ സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾ 1 മുതൽ 10 വരെയുള്ള ക്ലാസുകളിൽ മലയാളം ഒന്നാം ഭാഷയായി പഠിക്കേണ്ടതാണ്. പ്രത്യേക ജീവിത സാഹചര്യങ്ങളാൽ അന്യ രാജ്യങ്ങളിലോ, സംസ്ഥാനങ്ങളിലോ താമസമാക്കി 1 മുതൽ 9 വരെയുള്ള ഏതെങ്കിലും ക്ലാസു വരെ പഠിച്ചതിന് ശേഷം തൊട്ടടുത്ത ക്ലാസിൽ സംസ്ഥാനത്തെ സ്കൂളുകളിൽ സ്ഥലംമാറ്റത്തിലൂടെ പ്രവേശനം നേടുന്ന മലയാള ഭാഷാ പരിജ്ഞാനമില്ലാത്തവരും മാതൃഭാഷ മലയാളമല്ലാത്തതുമായ വിദ്യാർത്ഥികൾ പ്രവേശനം നേടുന്ന അദ്ധ്യയന വർഷം തന്നെ മലയാളത്തിന്റെ പ്രാഥമിക പാഠങ്ങൾ സ്വായത്തമാക്കി മലയാളം ഒന്നാം ഭാഷയായി പരീക്ഷ എഴുതേണ്ടതും അത്തരം വിദ്യർത്ഥികൾക്കും മലയാള ഭാഷാ പരിജ്ഞാനം കുറവുള്ളവരും മലയാളം പഠിക്കാൻ ബുദ്ധിമുട്ടനുഭവിക്കു-ന്നവരുമായ മറ്റ് വിദ്യാർത്ഥികൾക്കും സൂചന 3 പ്രകാരമുള്ള ഉത്തരവിൽ പ്രതിപാദിക്കുന്ന വിധത്തിലുള്ള ഗ്രേസ് മാർക്ക് നൽകി പ്രോത്സാഹിപ്പിക്കുന്നതാണ്.
5. 2015-16 അദ്ധ്യയന വർഷം മുതൽ എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും അവരുടെ അധികാര പരിധിയിൽ-പ്പെട്ട എല്ലാ സ്കൂളുകളിലും മലയാളം ഒന്നാം ഭാഷയായി മുഴുവൻ വിദ്യർത്ഥികളെയും പഠിപ്പിക്കുന്നുണ്ടോ എന്ന് അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽ തന്നെ അന്വേഷിച്ച് ഉറപ്പ് വരുത്തേണ്ടതും ഇല്ലെങ്കിൽ സർക്കാർ ഉത്തരവുകൾ പ്രകാരം മലയാളം ഒന്നാം ഭാഷയായി മുഴുവൻ വിദ്യർത്ഥികളെയും പഠിപ്പിക്കുന്നതിനുള്ള കർശന നിർ -ദ്ദേശങ്ങൾ നൽ-കേണ്ടതുമാണ്.

6. 2015-16 അദ്ധ്യയന വർഷം മുതൽ സൂചന 3 പ്രകാരമുള്ള ഉത്തരവിൽ ആവശ്യപ്പെട്ട-തനുസരിച്ച് ഒന്നാം ഭാഷയുടെ ഭാഗം ഒന്നിൽ അഡീഷണൽ ഇംഗ്ലീഷും ഭാഗം രണ്ടിൽ സ്പെഷ്യൽ ഇംഗ്ലീഷും നിർത്തലാക്കുന്ന വിഷയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറും, പരീക്ഷാ കമ്മീഷണറും കൂടിയാലോചിച്ച് നടപടികൾ പൂർത്തീയാക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എ.ഷാജഹാൻ**

**സ്പെഷ്യൽ സെക്രട്ടറി**

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
} പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന

അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്) (എ & ഇ), തിരുവനന്തപുരം.

സെക്രട്ടറി , പരീക്ഷാ ഭവൻ, തിരുവനന്തപുരം

ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം.

ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, തിരുവനന്തപുരം.

ഡയറക്ടർ, ഐ.ടി @ സ്കൂൾ
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
} വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി

ഉത്തരവിൻ പ്രകാരം

Sindhu

സെക്ഷൻ ഓഫീസർ

പകർപ്പ് - 1) സെക്രട്ടറി , പൊതുവിദ്യാഭ്യാസ വകുപ്പ്.

2) ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

3) ബഹു.മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

4) ശ്രീ. രാജേഷ് എ.ടി, ഉതൃട്ടാതി, 28- മില്ലേനിയം റോഡ്, സൌത്ത് ചിറ്റൂർ, കൊച്ചിൻ -682027.

5) പി.ടി.എ പ്രസിഡന്റ്, സെന്റ് ജോസഫ് ആംഗ്ലോ ഇന്ത്യൻ ഗേൾസ് എച്ച്.എസ്.എസ്, കോഴിക്കോട് -673 032. (പ്രധാനാദ്ധ്യാപിക മുഖേന).

6) ശ്രീ. വി. മനോമോഹൻ, ടി.സി 24/1159, ജാനകി ഇല്ലം, ജ്യോതി പുരം ലൈൻ, വലിയശാല, ചാല .പി.ഒ, തിരുവനന്തപുരം.

7) ശ്രീമതി. ജയ സജി, ചരളം കുന്നേൽ ഹൌസ്, മരുത റോഡ്, ചന്ദ്രനഗർ.പി.ഒ, പാലക്കാട്.

8) ശ്രീ. ഗിരീഷ് കുമാർ, നന്ദനം, ടി.സി 55/1173, ANRA-102, ആനന്ദ് നഗർ, നിറമൺകര, തിരുവനന്തപുരം- 695040.

9) ശ്രീമതി. എം. ബീന, കുന്നംപറമ്പ് ഹൌസ്, മാത്തൂർ. പി.ഒ, പാലക്കാട്.

10) ശ്രീ. ജീവൻ സത്യൻ, സിതാര, കോൺ വെന്റ് റോഡ്, തിരുവനന്തപുരം.

11) ശ്രീ. ബൻസിലി ഗോമസ്, F/o ടിജോ.ബി. ഗോമസ്, സ്റ്റാൻ ഡേർഡ് 10 ബി, സെന്റ് ജോസഫ്. എച്ച്.എസ്.എസ്, തിരുവനന്തപുരം.

12) ശ്രീമതി. ഗായത്രി.വി, ആദിരാഗം, ബേന്തൂർ, പെരുംബല, വഴി കലനാട്, കാസറഗോഡ് -671317.

13) ശ്രീ. പ്രദീപ് കുമാർ.കെ.എസ്, F/o Reuban Pradeep, സ്റ്റാൻ ഡേർഡ് 10 ഡി, സെന്റ് ജോസഫ്. എച്ച്.എസ്.എസ്, തിരുവനന്തപുരം.

14) ഹെഡ്മാസ്റ്റർ, സെന്റ് ആനീസ് ഹയർ സെക്കണ്ടറി സ്കൂൾ, പൂത്തൻകാവ്, ചെങ്ങന്നൂർ.

15) ശ്രീമതി. ലത മനോജ് കുമാർ, തിരുവാതിര, 8/6, പാവനന്നൂർ മൊട്ട.പി.ഒ, മയ്യിൽ, കണ്ണൂർ -670602.